## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3364 24-06-2013-ൽ ഇടക്കാല മറുപടി നൽകിയിരുന്നത്.

### 2013-ലെ അബ്കാരി ഓർഡിനൻസ് ഭേദഗതി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | 2013-ലെ അബ്കാരി ഓർഡിനൻസ് (ഭേദഗതി) പ്രാബല്യത്തിൽ വന്ന ശേഷം എത്ര കേസ്സുകളിൽ മൂന്നു ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ട്; | (എ) | നാല് കേസുകളിലായി, ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ പിഴ ചുമത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നശേഷം 21 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മദ്യം വിറ്റതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പിഴ ചുമത്തിയിട്ടുണ്ട്; | (ബി) | പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്ന ശേഷം 21 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മദ്യം വിറ്റതിന് നാളിതുവരെ കേസ്സുകളൊന്നും രജിസ്റ്റർ ചെയ്യുകയോ, പിഴ ചുമത്തുകയോ ചെയ്തിട്ടില്ല. |
| (സി) | മദ്യത്തിന്റെ ആഡംബര നികുതി മൂന്നിരട്ടിയായി വർദ്ധിപ്പിച്ചപ്പോൾ ഈയിനത്തിലുണ്ടായ വരുമാന വർദ്ധനവിന്റെ കണക്കുകൾ ലഭ്യമാക്കാമോ? | (സി) | മദ്യത്തിന്റെ ആഡംബര നികുതി (ഗാലനേജ് ഫീ) മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിട്ടില്ല. ടി നികുതിയിനത്തിൽ ചുമത്താവുന്ന പരമാവധി തുക, പത്ത് രൂപയിൽ നിന്നും മുപ്പത് രൂപയായി വർദ്ധിപ്പിക്കുകയും, ടി നികുതിയുടെ 2012 - 2013 വർഷത്തെ നിരക്ക്, പതിനൊന്ന് രൂപ എൺപത്തിയേഴ് പൈസയായി നിശ്ചയിക്കുകയുമാണ് ചെയ്തിട്ടുള്ളത്.<br>ടി നികുതിയിനത്തിൽ 2011- 2012 വർഷത്തിൽ ലഭിച്ച 220.02 കോടിയുടെ വരുമാനം, 2012-2013 വർഷത്തിൽ 354.64 കോടി രൂപയായി വർദ്ധിക്കുകയും, ഈയിനത്തിൽ സർക്കാരിന് 134.62 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുകയും ചെയ്തു. |

സെക്ഷൻ ആഫീസർ